**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1627** **19-01-2021 - ൽ മറുപടിയ്ക്ക്**

**പി.എം.എ.വൈ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ പി.എം.എ.വൈ (ഗ്രാമീൺ) പദ്ധതി പ്രകാരം 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിൽ ഭവനനിർമ്മാണത്തിന് എത്ര അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) | പി.എം.എ.വൈ (ജി) പദ്ധതിയിൽ പൊതുജനങ്ങളിൽ നിന്ന് അപേക്ഷകൾ വാങ്ങുന്നതിന് പകരം അർഹതാ പട്ടികയിൽ ഉൾപ്പെട്ടവരിൽ നിന്ന് കേന്ദ്രസർക്കാർ നൽകുന്ന ഭൗതിക ലക്ഷ്യമനുസരിച്ച് മാത്രം അപേക്ഷ വാങ്ങുകയാണ് ചെയ്യുന്നത്. പി.എം.എ.വൈ. (ഗ്രാമീൺ) പദ്ധതിക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (എസ്.ഇ.സി.സി) ലിസ്റ്റിൽ നിന്നുമാണ്. നിലവിൽ ഈ ലിസ്റ്റിൽ നിന്നാണ് വീട് അനുവദിച്ച് വരുന്നത്. എസ്.ഇ.സി.സി ലിസ്റ്റിൽ മതിയായ അർഹരായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം പുതിയ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവ്വെ 2019 മാർച്ച് 7 വരെ നടത്തിയതിൽ മലപ്പുറം ജില്ലയിൽ 40633 ഗുണഭോക്താക്കളെ ആവാസ് പ്ലസ്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റ് പൂർണ്ണമായും തീർന്നതിനുശേഷമേ ആവാസ് പ്ലസ്സിൽ രജിസ്റ്റർ ചെയ്തവർക്ക് വീടിന് അനുമതി കേന്ദ്രസർക്കാർ നൽകുകയുള്ളൂ. |
| (ബി) | എത്ര പേർക്ക് വീടുനിർമ്മാണത്തിന് ധനസഹായം നൽകി; എത്രപേരുടെ വീടുനിർമ്മാണം പൂർത്തിയായി; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | മലപ്പുറം ജില്ലയിൽ പി.എം.എ.വൈ. (ഗ്രാമീൺ) പദ്ധതി പ്രകാരം 2018-19 ൽ 132 വീടുകൾക്കും, 2019-20 ൽ 137 വീടുകൾക്കും, 2020-21 ൽ 58 വീടുകൾക്കും ധനസഹായം നൽകി. 2018-19 ൽ 869 വീടുകളും, 2019-20 ൽ 259 വീടുകളും, 2020-21 ൽ 99 വീടുകളും പൂർത്തീകരിച്ചു. ബാക്കിയുള്ളവ നിർമ്മാണ ഘട്ടത്തിലാണ്. |
| (സി) | അർഹരായ ഗുണഭോക്താക്കൾക്ക് വീട് നൽകുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (സി) | അർഹരായ എല്ലാവർക്കും വീട് എന്ന ലക്ഷ്യം മുൻനിർത്തി ലൈഫ് മിഷൻ എന്ന പേരിൽ |

| | | | |
|---|---|---|---|
| | | | ബൃഹത്തായ ഒരു പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ